# ആര്യബന്ധു ശ്രീ പി. കെ. ബാപ്പു— കണ്ണൂരിന്റെ അഭിമാനഭാജനം

ഡോ. കെ. ഭാസ്കരൻ നായർ

സ്വപ്നസന്നിഭവും, ക്ഷണപ്രഭാചഞ്ചലവുമായ മനുഷ്യജീവിതം പരോപകാരംകൊണ്ടു മാത്രമേ ധന്യമാവുകയുള്ളൂ എന്ന ധർമ്മബുദ്ധിയും ആദർശനിഷ്ഠയുമാണ് ആര്യബന്ധുവിന്റെ സേവനങ്ങളുടെയെല്ലാം പ്രചോദനം.

**യ**ശഃശരീരനായ ആര്യബന്ധു ശ്രീ പി. കെ. ബാപ്പുവിന്റെ നാമത്തിൽ ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നറിഞ്ഞു ഞാൻ വളരെ സന്തോഷിക്കുന്നു.

ഭാരതീയരായ നമുക്ക് സ്വപ്രയത്നംകൊണ്ടും സ്വന്തം സാമർത്ഥ്യംകൊണ്ടും ഉൽക്കർഷം പ്രാപിക്കുന്നവരെപ്പററി അത്ര വലിയ ബഹുമാനമൊന്നും ഇനിയും ഉണ്ടായിട്ടില്ല. പൂർവ്വാർജ്ജിതമായ സമ്പത്തിനെയും സ്വാധീനത്തെയും വാഴ്ത്തുവാനുള്ള പ്രവണതയാണ് ഇക്കാലത്തുപോലും പ്രകടമായി കാണുന്നത്. പരമ്പരാഗതമായ ആഭിജാത്യത്തിന്റെയും പ്രഭുത്വത്തിന്റെയും നേർക്കുള്ള അതിരുകവിഞ്ഞ ഈ ആദരവ് നമ്മുടെ ഒരു ദൗർബല്യമാണെന്നുപോലും പറയാവുന്നതാണ്. അതിന്റെ നികൃഷ്ടവും ലജ്ജാവഹവുമായ ഒരു രൂപമാണല്ലൊ നമ്മുടെ സംസ്കാരത്തിന്റെ ഏററവും വലിയ കളങ്കമായ ജാതിവ്യവസ്ഥ. സ്വാതന്ത്ര്യം കിട്ടി മുപ്പതിൽപ്പരം വർഷങ്ങൾ കഴിഞ്ഞിട്ടും ആ കളങ്കത്തെ മായ്ച്ചുകളയുവാൻ നമുക്ക് സാധിച്ചിട്ടില്ല.

ഈ പാരമ്പര്യത്തെ നിഷേധിക്കുന്ന ഉത്തമമായ ഒരുദാഹരണമാണ് 'ആര്യബന്ധു'വിന്റെ ജീവിതം. ഏറക്കുറെ അനാഥനായി, കുട്ടിക്കാലത്തുതന്നെ കൂലിവേല ചെയ്തു ഉപജീവനം കഴിക്കേണ്ടിവന്ന ഈ മനുഷ്യൻ പതറാത്ത പരിശ്രമശീലംകൊണ്ടു ധാരാളം സമ്പത്ത് നേടുകയും അതിന്റെ ഏറിയ ഭാഗവും പൊതുജന നൻമയ്ക്കുവേണ്ടി വിനിയോഗിച്ചു കൃതാർത്ഥനാവുകയും ചെയ്തു. താൻ അധ്വാനിച്ചുണ്ടാക്കിയ ധനത്തിൽ ഒരു കാശുപോലും ആർക്കും കൊടുക്കാതെ സ്വാർത്ഥമൂർത്തിയായി



Digitized by Kerala Sahitya Akademi

ജീവിച്ചെങ്കിൽ അദ്ദേഹത്തെ അനന്തരാവകാശികളല്ലാതെ മററാരും ഓർമ്മിക്കുകയില്ലായിരുന്നു. അടിയുറച്ച ആസ്തിക്യബുദ്ധിയും, ആദ്യം ആര്യസമാജത്തിലും പിന്നീട് ശ്രീനാരായണ ഗുരുദേവൻെറ ഉപദേശങ്ങളിലും ഉണ്ടായ അഭിനിവേശവുമാണ് അദ്ദേഹത്തെ ആ മാർഗ്ഗം സ്വീകരിക്കുവാൻ ഇടയാകാതെ രക്ഷിച്ചത്. ലോകോപകാരപ്രദങ്ങളായ എത്രയോ പൊതു സ്ഥാപനങ്ങൾ ഉണ്ടാക്കിയതിനു പുറമെ, ജനങ്ങളുടെ ഇടയ്ക്ക് ക്ഷാമം ബാധിച്ചപ്പോഴും, അത്യാഹിതങ്ങൾ ഉണ്ടായപ്പോഴും സാംക്രമികരോഗങ്ങൾ പടർന്നുപിടിച്ചപ്പോഴും അവർക്ക് ആശ്വാസവും ശുശ്രൂഷയും നൽകുന്നതിനുവേണ്ടി ശ്രീ ബാപ്പു മുന്നിട്ടിറങ്ങുകയും ഉദാരമായ ധനസഹായം നൽകുകയും ചെയ്തിട്ടുണ്ട്. ക്രിസ്തുദേവനെ അനുകരിച്ച്, പിൽക്കാലത്ത് പുണ്യവാളൻമാരായിത്തീർന്ന മഹാത്മാക്കൾ ചെയ്തതുപോലെ അദ്ദേഹം, സമുദായം കരുണയില്ലാതെ ആട്ടിപ്പായിച്ച കുഷ്ഠരോഗികൾക്കുവേണ്ടി സ്വഭവനത്തിനടുത്ത് ആതുരാലയങ്ങൾ സ്ഥാപിക്കുകയും അവരെ സ്വന്തം കൈകൊണ്ടു ശുശ്രൂഷിക്കുകയും ചെയ്തതായി പറയുന്നു. ഇതൊന്നും നിസ്സാരമായ കാര്യങ്ങളല്ല. പേരിനും പെരുമയ്ക്കും വേണ്ടി ചെയ്തതുമല്ല. പത്രങ്ങളിൽ പേരും ചിത്രങ്ങളും അച്ചടിച്ചുവരുന്നത് കണ്ട് ആനന്ദിക്കുവാനുള്ള സൗകര്യവും അക്കാലത്ത് ഇല്ലായിരുന്നു. സ്വപ്നസന്നിഭവും ക്ഷണപ്രഭാചഞ്ചലവുമായ മനുഷ്യജീവിതം പരോപകാരംകൊണ്ടു മാത്രമേ ധന്യമാവുകയുള്ളു എന്ന ധർമ്മബുദ്ധിയും ആദർശനിഷ്ഠയുമാണ് ആര്യബന്ധുവിൻെറ സേവനങ്ങളുടെയെല്ലാം പ്രചോദനം.

ഇങ്ങനെ പുണ്യാത്മാവായി, ലോകസേവനം ചെയ്തു ദീർഘകാലം ജീവിച്ച് കൃതകൃത്യനായി ഈ പ്രദേശത്തിനു മുഴുവനും മാതൃകയും അഭിമാനഭാജനവുമായിത്തീർന്ന ശ്രീ ബാപ്പുവിൻെറ സ്മരണയ്ക്കു ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അദ്ദേഹത്തിൻെറ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ. ○

'എൻെറ ദൃഷ്ടിയിൽ ദൈവം, സത്യവും സ്നേഹവുമാണ്. നീതിയും ധർമ്മവുമാണ്. ദൈവം ഭയരാഹിത്യമാണ്, പ്രകാശത്തിൻെറയും ജീവിതത്തിൻെറയും ഉറവിടമാണ്.'

—മഹാത്മജി



Digitized by Kerala Sahitya Akademi